INDIA EVANGELICAL LUTHERAN CHURCH (IELC)
(Registered under the Societies Registration Act XXI of 1860) & M2 (D)No.45, 17.02.2022)
THIRUVANANTHAPURAM SYNOD
Off: SYNOD OFFICE, C.L.H.S.S Compound, Peroorkada, Thiruvananthapuram - 695 005

Rev. M. MOHANAN
President
Mob: 9495301606
e-mail: revmohananielc@gmail.com

No. 004

A. PRAMOD KUMAR
Secretary
Mob: 9447521141
e-mail: pramod1341965@gmail.com

No. Sec/TS..........................

Date: 29/11/2022

**തിരുവനന്തപുരം സിനഡിന്റെ 2–ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് (26–11–2023) മിനിറ്റ്സ്**

**കർത്തൃനാമത്തിൽ സ്നേഹവന്ദനം**

ക്രിസ്തുവിൽ പ്രിയരെ,

IELC തിരുവനന്തപുരം സിനഡിന്റെ രണ്ടാമത്തെ എക്സ്ക്യൂട്ടീവ് കമ്മിറ്റി യോഗം 26-11-2022 ശനിയാഴ്ച രാവിലെ 10.20മണിക്ക് സിനഡ് പ്രസിഡന്റ് റവ. എം. മോഹനൻ അച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാരംഭ ധ്യാനത്തോടെ ആരംഭിച്ചു. സിനഡ് എക്സിക്യൂട്ടീവ് മെമ്പേഴ്സ് 19 പേരും പങ്കെടുത്ത യോഗത്തിൽ സെക്രട്ടറി ശ്രീ. എ. പ്രമോദ്കുമാർ എല്ലാ വർക്കും സ്വാഗതം ആശംസിക്കുകയും 01-11-22 മുതൽ 25-11-2022 വരെ സിനഡ് തലത്തിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. സിനഡ് സെക്രട്ടറി 12-11-2022 ശനിയാഴ്ച നടന്ന School HM/Principal മാരുടെ യോഗത്തിന്റെ വിശകലനം നടത്തി ഒരു വിശദീകരണം യോഗത്തിൽ അവതരിപ്പിച്ചു. നമ്മുടെ സിനഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ നിലവാരം Synod Executive അംഗങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നതായിരുന്നു. പുതിയ സ്കൂൾ മാനേജർ നിയമിതനായശേഷം Standing Committee for Education അംഗങ്ങൾ എല്ലാ സ്ഥാപനങ്ങളും സന്ദർശനം നടത്തി ഒരു പഠന റിപ്പോർട്ട് സിനഡ് എക്സിക്യൂട്ടീവിന് നൽകണം എന്നും നിർദ്ദേശം നൽകി.

22-11-2022 ൽ നടന്ന പാസ്റ്റേഴ്സ് കോൺഫറൻസിന്റെ ചുരുക്കവിവരണം സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുക്കാതെ, മുൻകൂട്ടി അനുവാദം വാങ്ങാതെ മാറിനിന്ന പാസ്റ്റർമാരുടെ പക്കൽനിന്നും വിശദീകരണം വാങ്ങണം എന്നും യോഗം തീരുമാനിച്ചു. Pastors Conference ൽ വിവിധ പാസ്റ്റർമാർ ഉന്നയിച്ച നിർദ്ദേശങ്ങളും, ആവശ്യങ്ങളും യോഗം ചർച്ച ചെയ്തു.

തുടർന്ന് തിരുവനന്തപുരം സിനഡിലെ 5 Standing Committee Convenor മാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

1. Standing Committee on Mission & Stewardship കൺവീനർ ശ്രീ. എ.ആർ. ഷാജി -സിനഡ് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ടു നല്കാൻ ഏല്പിച്ച പരാതികൾ പരിശോധന നടത്തി ആയതിന്റെ വിശമായ വിവരണം സിനഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചു.

തിരുവനന്തപുരം സിനഡിലെ കാനക്കോട് സിയോൻ ലൂഥറൻ സഭയിൽ നിന്നും സഭാകമ്മിറ്റി നൽകിയിരുന്ന 3 പരാതികളും ആ സഭയിൽ പുരോഹിതനായിരുന്ന റവ.നിപിൻ വിൻസന്റ് നൽകിയിരുന്ന പരാതിയുടെയും അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി രണ്ടുകൂട്ടരെയും ഒരുമിച്ചിരുത്തിയും പ്രത്യേകം പ്രത്യേകമായും ഇരുകൂട്ടരുടെയും വാദപ്രതിവാദങ്ങളും വിശദീകരണങ്ങളും കേട്ടശേഷം ഉചിത തീരുമാനത്തിനയി സിന്ഡ് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിൽ കാനക്കോട് സഭയിൽ താല്ക്കാലിക ക്രമീകരണമെന്നനിലയിൽ ആരാധന നടത്തിവരുന്ന റിട്ട. പാസ്റ്റർ റവ. എച്ച്. ആൽബർട്ട് അവർകൾ ജനറൽ ട്രാൻസ്ഫർ നടക്കുന്നതുവരെ തുടരാനും. റവ.നിപിൻ വിൻസന്റ് ന്റെ പക്കൽനിന്നും (ടിയാൻ അറിയിച്ചിട്ടും പാസ്റ്റേഴ്സ് കോൺഫറൻസിൽ പങ്കെടുത്തുമില്ല) വിശദീകരണം ആവശ്യപ്പെടുവാനും, വിശദീകരണം തൃപ്തികരമല്ലെങ്കിൽ അച്ചടക്ക നടപടികളുമായി മുന്നോട്ടുപോകാനും, ഐ.ഇ.എൽ.സിയെ രേഖാമൂലം അറിയിക്കുവാനും തീരുമാനിച്ചു. വിശദീകരണം വാങ്ങി അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ അറിയിക്കാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം സിനഡിൽ വിവിധ സഭകളിൽ പ്രോബേഷണർമാരായി സേവനം അനുഷ്ഠിച്ചുവരുന്നവർ യാതൊരു റിപ്പോർട്ടും സിനഡിന് നൽകുന്നില്ല എന്നും, സൂപ്പർവൈസിംഗ് പാസ്റ്റർമാർ അവരുടെ പ്രവർത്തനത്തെക്കുറിച്ച് റിപ്പോർട്ടുകൾ നൽകുന്നില്ല എന്നുമുള്ള വിവരം സെക്രട്ടറി യോഗത്തെ അറിയിച്ചു. എല്ലാ പ്രോബേഷണർമാരെയും സി.ആർ.എം. ആയി പ്രവർത്തിച്ചുവരുന്ന ശ്രീ. പ്രശാന്ത് രാജ്, ശ്രീ. ബിജുമോൻ, എന്നിവരെയും ഉൾപ്പെടുത്തി ഒരു മീറ്റിംഗ് 12-12-2022 തിങ്കളാഴ്ച 2.30മണിക്ക് സിനഡ് ഓഫീസിൽവച്ച് നടത്താൻ തീരുമാനിച്ചു. പ്രൊബേഷൻ പൂർത്തിയാക്കിയ ശ്രീ. പ്രശാന്ത് രാജ്, ശ്രീ. ബിജുമോൻ എന്നിവർക്ക് ഓർഡിനേഷൻ ലഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും ആവശ്യമായ കത്തിടപാടുകൾ സി.റ്റി.എസ് മായി നടത്താനും സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഈ മീറ്റിംഗിനുമുമ്പായി സൂപ്പർവൈസിംഗ് പാസ്റ്റർമാരുടെ പക്കൽനിന്നും പെർഫോമൻസ് റിപ്പോർട്ട് ലഭ്യമാക്കാനും തീരുമാനിച്ചു.

30-04-2023ൽ 5 വർഷം ഇപ്പോൾ പ്രവർത്തിയെടുക്കുന്ന സഭയിൽ പൂർത്തിയാവുന്ന എല്ലാ പാസ്റ്റർമാരെയും ജനറൽ ട്രാൻസ്ഫർ ഉൾപ്പെടുത്താനും, 22-11-2022 നൽകിയിരുന്ന പാസ്റ്റർമാരുടെ ബയോഡേറ്റ 11-12-2022 നുമുമ്പായി കളക്ട് ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ നടത്തേണ്ട പാസ്റ്റർമാരുടെ ലിസ്റ്റ് 2023 ജനുവരിമാസം 10-ാം തീയതിക്ക് മുമ്പായി പബ്ലിഷ് ചെയ്യാനും യോഗം Standing Committee on Mission & Stewardship കമ്മിറ്റിയെ ചുമതലപ്പെടുത്തി. സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്തുവേണം പബ്ലിഷ് ചെയ്യാനും എന്ന് തീരുമാനിച്ചു. ഈ ലിസ്റ്റ് പ്രകാരം ട്രാൻസ്ഫർ നടത്തുമ്പോൾ ഒഴിവു വരുന്ന സഭകളുടെ ലിസ്റ്റ് ജനുവരി 30ന് പബ്ലിഷ് ചെയ്യാനും തീരുമാനിച്ചു. ഒരു സർക്കിളിൽ 10 വർഷം പൂർത്തിയാക്കിയ പാസ്റ്റർമാരെ സർക്കിളിനുപുറത്തേക്ക് ട്രാൻസ്ഫർ ചെയ്യണം എന്നും എല്ലാ സർക്കിളിലും പ്രവർത്തിക്കേണ്ട അവസരം ഉണ്ടാവണം എന്നുമുള്ള ആവശ്യം ഉണ്ടാവുകയും അതിനെക്കുറിച്ച് ആവശ്യമായ ചർച്ച നടത്തി തീരുമാനം അറിയിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം സിനഡിലെ ചില സഭകളിൽ റിട്ടേർഡ് പാസ്റ്റർമാർ ഇപ്പോഴും ആരാധന നടത്തിവരുന്നത് ചർച്ചയാവുകയും, ഓർഡിനേഷൻ കിട്ടിയ പാസ്റ്റർമാർ ലഭ്യമാകുന്ന മുറക്ക് അവർക്കുപകരം പാസ്റ്റർമാരെ നിയമിക്കാനും തീരുമാനിച്ചു. സഭകളിൽ സേവനം ചെയ്യുന്ന റിട്ടേർഡ് പാസ്റ്റർമാർക്ക് അവർ അവസാനം വാങ്ങിയ ശമ്പളത്തിന്റെ പകുതിതുകയ്ക്ക് തുല്യമായ തുക അലവൻസായി നൽകാനും ആയതിന് ഒരു പ്രൊപ്പോസൽ ഐ.ഇ.എൽ.സി. മാനേജ്മെന്റ് കമ്മിറ്റിക്ക് നൽകുവാനും യോഗം തീരുമാനിച്ചു.

മിഷൻ വീട് ഉള്ള സ്ഥലങ്ങളിൽ പാസ്റ്റർമാർ മിഷൻവീടുകളിൽ തന്നെ താമസിക്കണം എന്നും, സഭാജനങ്ങൾക്ക് Pastorial Care ലഭ്യമാക്കണമെന്നും യോഗം തീരുമാനിക്കുകയും അതു എല്ലാ പാസ്റ്റർമാരെയും അറിയിക്കുവാനും തീരുമാനിച്ചു.

2. Standing Committee on Education Convenor Adv. Mani

Trivandrum Synodലെ സ്കൂളുകളുടെ ഇപ്പോഴത്തെ പ്രവർത്തനനിലവാരം യോഗത്തിൽ അവതരിപ്പിച്ചു.

Trivandrum Synodലെ ഇപ്പോഴുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് 16-4-1975ൽ നിലവിൽവന്ന " Constitution of Lutheran School, Corporate Management dt 16-05-1975-ORDER NO.G46656/7/R.DIS പ്രകാരമാണെന്നും എന്നാൽ 17-02-2022ൽ നിലവിൽ വന്ന ഐ.ഇ.എൽ.സിയുടെ പുതിയ ഭരണഘടനയിൽ " The India Evangelical Lutheran Church (IELC) Constitution and Byelaws as Amended in 2022'' സ്കൂൾ മാനേജ്മെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചും, മാനേജരുടെ നിയമനത്തെക്കുറിച്ചും ഉത്തരവാതിദ്വത്തെക്കുറിച്ചും Standing Committee on Education ന്റെ പ്രവർത്തന രീതിയെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചും പ്രതിപാദിക്കുന്നതിനാൽ ഇപ്പോൾ നിലവിലുള്ള School Constitution എത്രയും വേഗം ആവശ്യമായ Amendment നടത്തി പുതിയ 'Constitution of Lutheran School' തയ്യാറാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെയും എഡ്യൂക്കേഷൻ, ലീഗൽ എക്സ്പെർട്ടുകളെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അവർ ഡ്രാഫ്റ്റ് തയ്യാറാക്കി 10-12-2022 മുൻപായി സിനഡ് കമ്മിറ്റിക്ക് നൽകണം എന്നും തീരുമാനിച്ചു.

**<u>Constitution Draft Committee</u>**

1. Synod President
2. Synod Secretary
3. Adv. Mani
4. Rev. Sathyadas
5. Rev. Santhosh Raj
6. Mr. Stelter
7. Mr. Shijin
8. Educational Expert, Nominated by Standing Committee for Education
9. Legal Expert, Nominated by Standing Committee for Education

അടുത്ത അദ്ധ്യയന വർഷം (2023-24) നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരമാവധി പുതിയ അഡ്മിഷൻ ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഡിസംബർമാസം തന്നെ ആരംഭിക്കാനും, പ്രീ-പ്രൈമറി, നഴ്സറി, ക്ലാസ്സുകളിൽ നമ്മുടെ സ്ഥാപനങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും തുടർന്നും നമ്മുടെ സ്ഥാപനങ്ങളിൽതന്നെ

പഠിക്കുവാൻ ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണം എന്നും സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമാത്രമായി ഒരു പ്രത്യേക എക്സിക്യൂട്ടീവ് കമ്മിറ്റി വിളിക്കാനും പുതിയ മാനേജർ നിയമിതനായശേഷം ടിയാനെയും കൂട്ടിവേണം മീറ്റിംഗ് നടത്തേണ്ടതെന്നും തീരുമാനിച്ചു.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നമ്മുടെ സഭകളിൽ നിന്നും പരമാവധി കുട്ടികളെ പഠിതാക്കളായി എത്തിക്കുവാനും വിദ്യാഭ്യാസ സ്ഥാപനത്തിനു സമീപമുള്ള സഭയിലെ പാസ്റ്റർ ലോക്കൽ മാനേജരായി പ്രവർത്തിച്ച് സ്കൂളിന്റെ പ്രവർത്തനങ്ങൾ നിരീക്ഷണം നടത്തണമെന്നും യോഗം ചർച്ചചെയ്തു. എന്നാൽ സ്കൂളിന്റെ Administration കാര്യങ്ങളിൽ സിനഡിന്റെ അനുവാദത്തോടെ മാത്രമേ ഇടപെടാൻ പാടുള്ളൂ എന്നും തീരുമാനിച്ചു.

3. Standing Committee on Properties Convenor Rev C.M. Sunilkumar

Trivandrum Synod കീഴിലുള്ള വസ്തുവകകളെക്കുറിച്ചുള്ള ഒരു ഏകദേശധാരണ യോഗത്താൽ അവതരിപ്പിച്ചു. ഓരോ സർക്കിളിലുള്ള വസ്തുവിവരകണക്കുകളോ, രേഖകളോ അതിന്റെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാത്തതിനാൽ കമ്മിറ്റി അംഗങ്ങൾ ഓരോ പ്രോപ്പർട്ടിയിലും സന്ദർശനം നടത്തി യഥാർത്ഥചിത്രം സിനഡ് എക്സിക്യൂട്ടീവ് ന്റെ മുമ്പിൽ അവതരിപ്പിക്കണം എന്നും കൺവീനറെ ചുമതലപ്പെടുതതി. വസ്തുവകകൾ സന്ദർശനം നടത്തുന്ന സമയത്ത് ആ സർക്കിളിലെ ഭാരവാഹികളെയും റ്റി.എ. മെമ്പർമാരെയും കൂടി ഉൾപ്പെടുത്തണം എന്നും നിർദ്ദേശിച്ചു.

നിലമേൽ സർക്കിളിൽ അനേകം വസ്തു സമ്പത്തുകൾ ആരും ശ്രദ്ധിക്കാതെയും കാലാകാലങ്ങളിൽ ഉണ്ടായിരുന്ന സിനഡ് ഭാരവാഹികൾ തിരിഞ്ഞുനോക്കാത്തതിനാലും അവ അന്യാധീനപ്പെട്ടുപോകുന്നതായി പല അംഗങ്ങളും വികാരത്തോടെ സംസാരിച്ചു. ആയതിനാൽ ക്രിസ്തുമസ് കാലം കഴിഞ്ഞ് Synod Office Bearers Team ആയി നിലമേൽ സർക്കിളിലെ എല്ലാ വസ്തുവകകളും സന്ദർശിക്കണമെന്നും ആവശ്യമെന്നുതോന്നിയാൽ മുമ്പ് ആ മേഖലകളിൽ സേവനം ചെയ്തിരുന്ന പാസ്റ്റർമാരുടെ സേവനം പ്രയോജനപ്പെടുത്തണം എന്നും തീരുമാനിച്ചു. തിരുവനന്തപുരം സിനഡിന്റെ കീഴിൽ വരുന്ന എല്ലാ Trust properties ന്റെയും ഒരു ഡേറ്റ ബാങ്ക് സിനഡ് ഓഫീസർ സൂക്ഷിക്കണം എന്നും യോഗം തീരുമാനിച്ചു. ടി മേഖലയിലെ അനേകം വസ്തുക്കളിൽ നിന്നുള്ള വരുമാനം പല വ്യക്തികളുടെ കൈകളിലും എത്തുന്നത് എന്നുള്ളത് വളരെ ഗൗരവത്തോടെ കമ്മിറ്റി ചർച്ച ചെയ്യുകയും ടി മേഖല സന്ദർശിക്കുന്ന സമയത്ത് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് എല്ലാ വരുമാനവും IELC Synod ന്റെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. ബാലരാമപുരം, പൊൻവിള, തിരുവനന്തപുരം സർക്കിളിലെ വസ്തുവകകളെപ്പറ്റിയും വിശദവും വ്യക്തവുമായ റിപ്പോർട്ട് അടുത്ത സിനഡ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ അവതരിപ്പിക്കണം എന്നും ഒരു റിപ്പോർട്ട് ആയി നൽകണമെന്നും യോഗം സ്റ്റാന്റിംഗ് കമ്മിറ്റിയോട് നിർദ്ദേശിച്ചു. നിലവിലുള്ള കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയും, അവസാനമായി ലഭ്യമായ കോടതി ഉത്തരവുകളും പകർപ്പുകളും മുമ്പ് ഈ കേസുകൾ കൈകാര്യം ചെയ്തിരുന്നവരുടെ റിപ്പോർട്ടുകളും അടുത്ത കമ്മിറ്റിയിൽ അവതരിപ്പിക്കാനും ചുമതലപ്പെടുത്തു. റ്റി.എ. മെമ്പർമാരെയും കൂടി ഉൾപ്പെടുത്തിവേണം പ്രവർത്തിക്കേണ്ടത് എന്നും യോഗം തീരുമാനിച്ചു.

പാപ്പനംകോടുള്ള ഏഴര സെന്റ് സ്ഥലത്തിന്റെ സംരക്ഷണം ഏറ്റവും അടുത്തുള്ള സഭയുടെ കീഴിൽ ഏല്പിക്കാനും അതിന്റെ വിശദവിവരം അടുത്ത യോഗത്തിൽ നല്കാനും നിർദ്ദേശം നല്കി.

ലൂഥർഗിരി കോമ്പൗണ്ടിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബാംബൂ കോർപ്പറേഷൻ മുമ്പ് നല്ലൊരു തുക വാടക നൽകിയിരുന്നതായും എന്നാൽ കൊറോണയ്ക്കുശേഷം യാതൊരുവിധ വാടകയും നൽകുന്നില്ല എന്നും അറിയാൻ സാധിച്ചു. കുറെ പാവപ്പെട്ട ഈറ തൊഴിലാളികൾ, നമ്മുടെ സഭാംഗങ്ങൾ അതുകൊണ്ട് ഉപജീവനം നടത്തുന്നു എന്ന് അറിയിച്ചു. എന്നാൽ ബാംബൂ കോർപ്പറേഷൻ സർക്കാരിന്റെ കീഴിലുള്ള സ്ഥാപനം ആയതിനാൽ വാടക കൃത്യമായും സർക്കാർ നൽകാറുണ്ട് എന്ന് അറിയിക്കുകയും അതിന്റെ വിശദവിവരങ്ങൾ ശേഖരിക്കുവാനും വാടക തുക സിനഡ് അക്കൗണ്ടിൽ ബാങ്കിൽ വരുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ ചെയ്യണം എന്നും Standing Committee on Properties യും ലൂഥർഗിരി സർക്കിളിലെ T.A. member ആയ റവ. ജസ്റ്റിൻരാജിനെയും ചുമതലപ്പെടുത്തുന്നു. റിപ്പോർട്ട് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അറിയിക്കണം.

4. Standing Committee on Finance Convenor-Synod Treasurer ഇതുവരെയുള്ള കണക്ക് അവതരിപ്പിക്കുകയും തിങ്കളാഴ്ച (28-11-2022) തന്നെ IOB പേരൂർക്കട ശാഖയിൽ പുതിയ അക്കൗണ്ട് ആരംഭിക്കുകയും ചെയ്യുമെന്ന് അറിയിച്ചു. അടുത്ത എക്സിക്യൂട്ടിവ് മീറ്റിംഗ് മുതൽ കൃത്യമായി അക്കൗണ്ട്ബുക്കിൽ എഴുതി RV/EV ഉൽപ്പെടെ കണക്കുൾ അവതരിപ്പിക്കണം എന്നും നിർദ്ദേശിച്ചു. എല്ലാ സർക്കിളിലും സർക്കിൾ പ്രസിഡന്റ്, സെക്രട്ടറി കം ട്രഷറർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങി അക്കൗണ്ട് നമ്പർ വാങ്ങണം എന്നും സർക്കിളുകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ ചെയ്യുമ്പോൾ ബാങ്ക് ട്രാൻസാക്ഷൻ മുഖേന മാത്രമേ ചെയ്യാവൂ എന്നും നിർദ്ദേശങ്ങൾ നൽകി. അതുപോലെ തിരുവനന്തപുരം സിനഡിലെ എല്ലാ സഭാകളിലും നമ്മുടെ ഭരണഘടനയിൽ പ്രതിപാദിക്കുന്ന പ്രകാരം സഭാപ്രസിഡന്റ്, സഭാഖജാൻജി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങി ആ അക്കൗണ്ട് നമ്പർ കളക്ട് ചെയ്യണം എന്നും തീരുമാനിച്ചു. ഐ.ഇ.എൽ.സിയിൽ നിന്നും മറ്റു സ്ഥലങ്ങളിൽനിന്നോ എന്തെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാകുമ്പോൾ ആയതു ബാങ്ക് ട്രാൻസാക്ഷൻ മുഖേന മാത്രമേ കൈകാര്യം ചെയ്യാവൂ എന്ന് സിനഡ് ട്രഷറർ നിർദ്ദേശം നല്കി. സിനഡ് കലണ്ടറിന്റെ വരവുചെലവ് കണക്കുകൾ പ്രത്യേകം അവതരിപ്പിക്കുവാനും നിർദ്ദേശം നല്കി.

5. Standing Committee on Socio Economic development Convenor Rev. Santhoshraj

ആധുനിക സഭയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രയോജനകരമായ ഒരു ആശയം ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ നമ്മുടെ സഭയ്ക്കുണ്ടാകും എന്നും കൺവീനർ അറിയിക്കുകയും ചില നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിക്കുകയുമുണ്ടായി. ഓരോ സഭയ്ക്കും അനുയോജ്യമായ തരത്തിലുള്ള പ്രോജക്ട് തയ്യാറാക്കി നൽകാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. പോഷകസംഘടനകളുടെ പ്രവർത്തനം പ്രമോട്ടർമാരുമായി ചർച്ചകൾ നടത്തി സഭയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രചോദനം നൽകുന്ന രീതിയിൽ നടത്തണം എന്നും നിർദ്ദേശം നൽകുകയുണ്ടായി. സിനഡിന്റെ വെബ്സൈറ്റ് പ്രവർത്തനങ്ങൾ ഈ കമ്മിറ്റി നിരീക്ഷിക്കണം എന്നും നിർദ്ദേശം നൽകി.

നമ്മുടെ സിനഡിൽ സേവനം അനുഷ്ഠിച്ച എല്ലാ പാസ്റ്റർമാർക്കും ഒരു Smart ഐ.ഡി. കാർഡ് നൽകാൻ യോഗം തീരുമാനിക്കുകയും അതിന്റെ സാമ്പിൾ തയ്യാറാക്കി (രണ്ടുമൂന്ന് മോഡലുകൾ) നൽകാൻ റവ. സന്തോഷ് രാജ് അച്ചനെ ചുമതലപ്പെടുത്തി.

ശ്രീ. ശോഭിദാസിന്റെ അപേക്ഷ സിനഡ് കമ്മിറ്റി കഴിഞ്ഞ തവണ അന്വേഷണം നടത്താനായി Standing Committe for Mission & Stewardhip നെ ഏല്പിച്ചിരുന്നത് അവർ വിശദമായ അന്വേഷണം നടത്തി, രേഖകൾ പരിശോധിച്ചതിൻപ്രകാരം ടിയാൻ തിരുവനന്തപുരം സിനഡിലെ പല സഭകളിലും സുവിശേഷവേല ചെയ്തിരുന്നുവെന്നും ടിയാന്റെ സേവനം പല സഭകളിലും പ്രയോജനപ്പെടുത്തിയിരുന്നതായും അറിയിച്ചു. അതിൻപ്രകാരം ടിയാന് സിനഡിലെ ഏതെങ്കിലും ഒരു സഭയിൽ താല്കാലിക ചുമതല നൽകണം എന്നും സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിക്കുകയും ആയതിൻപ്രകാരം അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ ചർച്ച ചെയത് ചുമതല നൽകാനും തീരുമാനിച്ചു.

ലൂഥർഗിരി സർക്കിളിലെ തോളൂർ, കുറ്റിച്ചൽ സഭകളിൽ പാസ്റ്റർമാർ ഇല്ലാത്തതിനാൽ ഈ ക്രിസ്തുമസ് കാലം വളരെയേറെ പ്രയാസങ്ങൾ ഉള്ളതായി ലൂഥർഗിരി സർക്കിളിൽ നിന്നുള്ള സിനഡ് എക്സിക്യൂട്ടീവ് മെമ്പർമാർ അവതരിപ്പിക്കുകയും ടി സഭകളിൽ ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ആരാധനകൾ എന്നിവ നടത്തുന്നതിന് ടി സർക്കിളിൽ ഇപ്പോൾ probationer മാരായി സേവനം നടത്തിവരുന്ന ശ്രീ. ജെറിൻ, ശ്രീ. രഞ്ചു എന്നിവരുടെ സേവനം ടി സഭകളിൽക്കൂടി ഉപയോഗിക്കുവാൻ യോഗം തീരുമാനിച്ചു. അതിൻപ്രകാരം probationer ശ്രീ. ജെറിന്റെ സേവനം കുറ്റിച്ചൽ ലൂഥറൻ സഭയിലും ശ്രീ. രഞ്ചുവിന്റെ സേവനം തോളൂർ ലൂഥറൻ സഭയിലും ക്രിസ്തുമസ് കാലത്തേക്ക് ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ആരാധനകൾ, ന്യൂ ഇയർ ആരാധന എന്നിവയ്ക്ക് പ്രയോജനപ്പെടുത്താനും ഇവർ ഇപ്പോൾ സേവനം നടത്തുന്ന സഭകളിലെ ആരാധനകൾക്ക് യാതൊരു തടസ്സവും വരാതെ നോക്കണം എന്നും തീരുമാനിച്ചു.

മീനങ്ങാടിയിലുള്ള കാനറ ബാങ്ക്ശാഖയിൽ സിനഡിന്റെയോ അവിടുത്തെ ചില വ്യക്തികളുടെയും ട്രസ്റ്റ് മുൻഭാരവാഹികളുടെയും പേരിൽ ബാങ്ക് അക്കൗണ്ട് ഉള്ളതായി എക്സിക്യൂട്ടീവ് മെമ്പർ മീറ്റിംഗിൽ അറിയിക്കുകയും അതിന്റെ പ്രസന്റ് സ്റ്റേജ് എന്താണ് എന്ന് അറിയുന്നില്ല എന്ന് പറഞ്ഞു. ആയതിനാൽ അതിന്റെ വിശദവിവരങ്ങൾ തിരക്കി അടുത്ത കമ്മിറ്റിയിൽ അറിയിക്കാൻ ശ്രീ. ഷിബു (എക്സിക്യൂട്ടീവ് മെമ്പർ from നിലമേൽ സർക്കിൾ)നെ ചുമതലപ്പെടുത്തി.

ബത്തേരിയിൽ 60സെന്റ് വസ്തുവിൽ ഒരു ഓപ്പൺ ആഡിറ്റോറിയം ഇപ്പോൾ ഉണ്ടെന്നും ആയതു വാടകയ്ക്ക് നൽകുന്നു എന്നും ആ വാടക തുക ചില സ്വകാര്യവ്യക്തികൾ കൈക്കലാക്കുന്നുവെന്നും അറിയുകയുണ്ടായി. ആയത് അന്വേഷിച്ച് വിവരം നൽകാൻ ശ്രീ. ഷിബുവിനെ ചുമതലപ്പെടുത്തി. അവിടുത്തെ വാടക തുക സിനഡ് അക്കൗണ്ടിൽ തന്നെ വരണം എന്ന് നിർദ്ദേശം നൽകാനും തീരുമാനിച്ചു. സിനഡ് ടീം ടി സ്ഥലം സന്ദർശനം നടത്തുന്ന സമയത്ത് ഇതിൽ ഒരു വ്യക്തത വരുത്തി എല്ലാ നിയമപരമാക്കണമെന്നും തീരുമാനിച്ചു.

എറണാകുളം രവിപുരത്ത് പത്തൊൻപതരസെന്റ് വസ്തു ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നും സിനഡ് എക്സിക്യൂട്ടീവ് മെമ്പർ ആയ റവ. സന്തോഷ് രാജ് അച്ചൻ അറിയിക്കുകയും അവിടെയുള്ള Advertise Board ന്റെ വാടക തുക സിനഡിന്റെ അക്കൗണ്ടിൽ വരണമെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനെക്കുറിച്ച് അന്വേഷണം നടത്താൻ സിനഡ് ട്രഷറിനെ ചുമതലപ്പെടുത്തി. രവിപുരത്തെ പ്രോപർട്ടിയിൽ ഏറ്റവും

അനുയോജ്യമായ ഒരു പ്രോജക്ട് തയ്യാറാക്കി നൽകാനായി റവ. സന്തോഷ് രാജിനെ ചുമതലപ്പെടുത്തി.

നവംബർ 28-ാം തീയതി നാഗർകോവിൽ വച്ച് നടത്തുന്ന ഐ.ഇ.എൽ.സി. മാനേജ്മെന്റ് ബോഡി മീറ്റിംഗിലും 29-ാം തീയതി നടക്കുന്ന Church Council മീറ്റിംഗിലും നമ്മുടെ സിനഡിന്റെ ആവശ്യം ശക്തമായി അവതരിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ സി.സി. മെമ്പർമാർക്കും നൽകുകയും അവരെ ശരിയായ വിധത്തിൽ ബ്രീഫ് ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം സിനഡിലെ എല്ലാ പാസ്റ്റർമാർക്കും സഭയിൽ സേവനം അനുഷ്ഠിക്കുന്നവർക്കും ഒരുമാസത്തെ ശമ്പളം ക്രിസ്തുമസ് ഗിഫ്റ്റായി എല്ലാ സഭയിൽനിന്നും നല്കണം എന്നും സിനഡ് തീരുമാനിക്കുകയും ഈ വിവരം എല്ലാ സഭകളെയും അറിയിക്കുവാനും തീരുമാനിച്ചു.

തിരുവനന്തപുരം സിനഡിലെ ബാലരാമപുരം, ലൂഥർഗിരി, പൊൻവിള, തിരുവനന്തപുരം എന്നീ സർക്കിളുകളിലെ എല്ലാ സഭയുടെയും സഭാഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ ഒരു മീറ്റിംഗ് 14-1-2023 ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്താൻ തീരുമാനിച്ചു. നിലമേൽ സർക്കിളിൽ രണ്ടു സോൺ ആയി നിലമേൽ മേഖലയിലും മലബാർ മേഖലയിലും പ്രത്യേകം പ്രത്യേകം ജനുവരി മാസത്തിൽ നടത്താൻ തീരുമാനിച്ചു.

തിരുവനന്തപുരം സിനഡിലെ ഓഫീസ് സ്റ്റാഫുകളുടെ ഇന്റർവ്യൂ അടുത്ത ആഴ്ച (29-11-2022) തീയതിയോ (02-12-2022) വെള്ളിയാഴ്ചയോ നടത്താൻ തീരുമാനിച്ചു. ലിസ്റ്റ് പബ്ലിഷ് ചെയ്തു ഏറ്റവും അനുയോജ്യമായ ആൾക്കാരെ നിയമിക്കണം എന്നും തീരുമാനിച്ചു.

തിരുവനന്തപുരം സിനഡിലെ എല്ലാ പോഷകസംഘടനകളുടേയും പ്രമോട്ടർമാരുടെ യോഗം 6/12/2022 ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് സിനഡ് ഓഫീസിൽ വിളിക്കുവാനും, 2023 ലെ പ്രോഗ്രാം കലണ്ടർ തയ്യാറാക്കി സർക്കിളിൽ എത്തിക്കണം എന്നും ഓരോ സംഘടനയുടെയും പ്രമോട്ടർമാർ സർക്കിൾതലത്തിലുള്ള പ്രമോട്ടർമാരുടെ മീറ്റിംഗ് അടുത്ത ആഴ്ച വിളിച്ച് ചർച്ചകൾ നടത്തി എല്ലാ സംഘടനകളുടെയും പ്രവർത്തനം സജീവമാക്കണം എന്നും യോഗം തീരുമാനിച്ചു. പോഷക സംഘടനകൾ വാട്സ്ആപ് ഗ്രൂപ്പുകൾ ആരംഭിക്കുമ്പോൾ സിനഡ് പ്രസിഡന്റ്, സിനഡ് സെക്രട്ടറി എന്നിവരെക്കൂടി അതിൽ ഉൾപ്പെടുത്തണം എന്നും നിർദ്ദേശിച്ചു.

തിരുവനന്തപുരം സിനഡിന്റെ രണ്ടാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിവിധ സഭകളിൽനിന്നും വ്യക്തികളിൽനിന്നുമായി 38 പരാതികൾ/ അപേക്ഷകൾ ലഭിച്ചു. ആയതു ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കുകയുണ്ടായി. കിട്ടിയ പരാതിയിൽ 20 എണ്ണം സഭയുടെ Assesment തുക നിർണ്ണയിച്ചതിലെ അപാകത പുനപരിശോധിക്കണമെന്നും Assesment തുക അടയ്ക്കുന്നതിൽ വീഴ്ച വന്നതിനാൽ ഭീമമായ Assesment കുടിശ്ശികയായി ഉള്ളതിനാൽ ആയതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും വേണ്ടിയുള്ളതായിരുന്നു. അതു പരിശോധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി ആയതു ന്യായമായ ആവശ്യമായി കാണുകയും ആ അപേക്ഷകൾ എല്ലാം IELC Church Council ന്റെ പരിഗണനയ്ക്ക് സിനഡിന്റെ recom-mendation നോടുകൂടി സമർപ്പിക്കാനും തീരുമാനിച്ചു. അതോടൊപ്പം തന്നെ ഐ.ഇ.എൽ.സി. തലത്തിൽ ഒരു സബ്കമ്മിറ്റി ഉണ്ടാക്കി എല്ലാ സഭയിലെയും വരുമാനവും ആസ്തിയും

പരിശോധിച്ച് എല്ലാ സഭാകമ്മിറ്റിയുമായി പ്രത്യേകം ചർച്ചകൾ നടത്തി ഇപ്പോൾ നിലവിലുള്ള Assesment തുക പുനർനിർണ്ണയിക്കണമെന്നും സിനഡിന്റേതായ ഒരു request നൽകാനും തീരുമാനിച്ചു. സിനഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

പള്ളി നിർമ്മാണം പൂർത്തീകരിക്കാനായി കാച്ചാണി ലൂഥറൻ സഭ, Redeemar ലൂഥറൻ സഭ, കറ്റച്ചക്കോണം എന്നീ സഭകൾ നൽകിയ അപേക്ഷകൾ ചർച്ച ചെയ്യുയും ആയതു Trust ന്റെ കമ്മിറ്റിക്ക് സിനഡിന്റെ recommendation നോടുകൂടി നൽകാനും തീരുമാനിച്ചു.

പാസ്റ്റർമാർ നൽകിയ ട്രാൻസ്ഫർ അപേക്ഷകൾ ഇപ്പോൾ പരിഗണിക്കേണ്ട ആവശ്യം ഇല്ല എന്നും, ഉടനെ നടക്കാൻ പോകുന്ന ജനറൽ ട്രാൻസ്ഫർ സമയത്ത് പരിഗണിക്കാം എന്നും യോഗം തീരുമാനിച്ചു.

പൊൻവിള സർക്കിളിലെ മുണ്ടോട്, പാറയടി സഭകൾ നൽകിയ അപേക്ഷ പരിഗണിക്കുകയും അവർ സ്വതന്ത്ര സഭകളായി പ്രവർത്തിക്കാൻ അനുവാദത്തിനായി നൽകിയ അപേക്ഷകൾ ചർച്ച ചെയ്യുകയും ടി സഭാകമ്മിറ്റികളെയും, സഭാ രേഖകളെയും പരിശോധന നടത്തി ആവശ്യമെന്നു കണ്ടാൽ തുടർ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. ജനുവരിമാസം സൗകര്യപ്രദമായ ദിവസം സഭാ ഭാരവാഹികൾ പൊൻവിള സർക്കിൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ hearing നടത്തി തീരുമാനം എടുക്കുന്നതാകുന്നു.

Womens decans (ഡീഖൻസ്) മാരുടെ അപേക്ഷ പരിഗണിക്കുകയും അവരുടെ സേവനം വിവിധ സർക്കിളുകളിൽ പ്രയോജനപ്പെടുത്താൻ സർക്കിൾപ്രസിഡന്റുമാർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

കൺകോർഡിയ തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൾ നല്കിയ ലെറ്റർ ചർച്ച ചെയ്യുകയും അതിനു മറുപടി നൽകാനും അതിന്റെ നിജസ്ഥിതി അന്വേഷിക്കാനും സെക്രട്ടറിയെയും പ്രസിഡന്റിനെയും ചുമതലപ്പെടുത്തി.

കൺകോർഡിയ കോമ്പൗണ്ടിലെ അപ്പർ ബംഗ്ലാവിലെ വാട്ടർ കണക്ഷന്റെ പെന്റിംഗായി ഒരു വലിയയ തുക കുടിശ്ശികയുള്ള വിവരത്തിന് ലെറ്റർ നല്കുകയും ആയതു 4,13, 56,542 ഉം രൂപയാണെന്നും അദാലത്തിൽ ചർച്ച ചെയ്ത് ആ തുക 2,02,88500 ആയി കുറച്ചു എന്നും ഐ.ഇ.എൽ.സി. ട്രസ്റ്റ് ആണ് ഈ തുക അടയ്ക്കേണ്ടതെന്നും അതിന്റെ ആദ്യ തവണയായി 50,000/- രൂപ 30-11-2022 ന് മുമ്പ് അടക്കണമെന്നും കൺകോർഡിയ ചർച്ച് കമ്മിറ്റി ലെറ്റർ നല്കുകയും ആ വിവരം ഐ.ഇ.എൽ.സി ഭാരവാഹികളെ സഭയിൽ നിന്നും അറിയിച്ച് എന്നും ലെറ്ററിൽ പറഞ്ഞിട്ടുള്ളതാകുന്നു. യോഗം അത് ചർച്ച ചെയ്യുകയും അതു 29-11-222 ൽ നടക്കുന്ന Church Council മീറ്റിംഗിൽ അവതരിപ്പിക്കാനായി സി.സി. മെമ്പറിന് കൈമാറാനും തീരുമാനിച്ചു.

ഇമ്മാനുവേൽ ലൂഥറൻ ചർച്ച്, ചുള്ളിമാനൂർ സഭ നല്കിയ അപേക്ഷയിൽ ചർച്ച് കോമ്പൗണ്ടിൽ ഒരു ഭാഗം ഒരു സ്വകാര്യവ്യക്തി അനധികൃതമായി കൈയേറി അവകാശവാദം ഉന്നയിക്കുന്നതായും ഐ.ഇ.എൽ.സി., സിനഡ് മുൻഭാരവാഹികൾ എന്നിവരെ അറിയിക്കുകയും ഒരു നടപടിയും ആയില്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയത് ചർച്ച ചെയ്യുകയും അവിടെ സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ കമ്മിറ്റി ഫോർ പ്രോപർട്ടിയെയും ലൂഥർഗിരി സർക്കിൾ ടി.എ. മെമ്പർ റവ. ജസ്റ്റിൻ രാജിനെയും ചുമതലപ്പെടുത്തി.

വെഞ്ഞാറമൂട് ലൂഥറൻ ചർച്ചിൽ സുവിശേഷകനായി ജോലി നോക്കിവരവെ Mr. Beener. S.S. അവർകൾ നല്കിയ അപേക്ഷയിൽ ടിയാൻ 14-5-2012 മുതൽ ടി സഭയിൽ

ജോലി നോക്കി വരുന്നതായും, നാളിതുവരെ യാതൊരുവിധ ശമ്പളമോ, മറ്റു ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല എന്ന് പ്രതിപാദിച്ചിരുന്നു. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി ഗൗരവമായി ചർച്ച ചെയ്യുകയും ടിയാനും ഇതുപോലുള്ള സാഹചര്യത്തിൽ പ്രവർത്തിക്കുന്ന മറ്റു സുവിശേഷകർക്കും ശമ്പളം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഏകകണ്ഠേന ആവശ്യമുന്നിയിച്ചു. ഇതു ഏതുവിധം ക്രമീകരിക്കാം എന്നു ചർച്ച ചെയത് അറിയിക്കാൻ Standing Committee on Mission & Stewardship നെ ചുമതലപ്പെടുത്തി. അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ തന്നെ ടിയാനു ശമ്പളം ലഭ്യമാക്കണം എന്നും തീരുമാനിച്ചു.

ഇമ്മാനുവേൽ ലൂഥറൻ ചർച്ച് Mundakkutty നൽകിയ അപേക്ഷയിൽ ടി സഭയിൽ ജോലിനോക്കിയിരുന്ന റവ. ജെ. ജോർജ്ജ് അച്ചന്റെ കാര്യം പ്രതിപാദിക്കുകയും മിഷൻ വീടിന്റെ താക്കോൽ തിരികെ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ടി വിഷയത്തിൽ യോഗം ചർച്ച ചെയ്യുകയും റവ. ജെ. ജോർജ്ജ് അച്ചന്റെ അനാരോഗ്യം കണക്കിലെടുത്ത് സൗകര്യപ്രദമായ ഒരു ക്രമീകരണം നൽകാനും അച്ചനു സഭയിൽ നിന്നും ലഭിക്കാനുള്ള തുക ഡിസംബർ മാസം രണ്ടാമത്തെ ആഴ്ച തന്നെ സഭയിൽ നിന്നും വാങ്ങി നൽകാനും ടി അവസരത്തിൽ താക്കോൽ തിരികെ നൽകാനും ധാരണയായി. അതിനായി സഭാകമ്മിറ്റി ഭാരവാഹികളെയും, റവ. ജെ. ജോർജ്ജ് അച്ചനെയും 17-12-2022 ശനിയാഴ്ച സിനഡ് ഓഫീസിൽ ഹാജരാകാനും നിർദ്ദേശം നല്കി.

റവ. എ.ഇ. ജസ്റ്റസ് നൽകിയ അപേക്ഷയിൽ ടിയാന് ശുശ്രൂഷ ചെയ്യുന്നതിനായി ഒരു സഭ നൽകണം എന്ന് ആവശ്യപ്പെട്ടിരുന്നു. ആയതു സംബന്ധിച്ച് വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് നല്കാൻ Mission & Stewardship കമ്മിറ്റിയെ ചുമതലപ്പെടുത്തി.

പൊൻവിള സർക്കിൾ കമ്മിറ്റി നല്കിയ 8 ഇന വിഷയങ്ങൾ അടങ്ങിയ അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്തു.

1. പാറയടി സീനായ് ലൂഥറൻ സഭയെ ഒരു പ്രത്യേക സഭയായി അംഗീകരിക്കണം.
2. ഈന്തിക്കാല സഭയെ പ്രത്യേക സഭയായി അംഗീകരിക്കണം.
3. കൊല്ലയിൽ ലൂഥറൻ സഭയെ പ്രത്യേക സഭയായി അംഗീകരിക്കണം.

മേൽ പ്രതിപാദിച്ച 3 സഭകളിലെയും സഭാകമ്മറ്റിയെയും, സഭാരേഖകളും മറ്റും പരിശോധിക്കാനും സർക്കിൾ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ ജനുവരി മാസത്തിൽ ഒരു സൗകര്യപ്രദമായ ദിവസം പൊൻവിള സർക്കിളിൽ വച്ച് ചർച്ച നടത്തി ഉചിതമായ തീരുമാനം എടുക്കാൻ ചുമതലപ്പെടുത്തി.

4. പാറശ്ശാല ലൂഥറൻ സഭയിലെ പാസ്റ്റർ ആയ റവ. സി.എസ്. ജയകുമാർ 15-12-2022 ൽ വിരമിക്കുന്നതിനാൽ തുടർ ക്രമീകരണം നടത്തണം.

ടി വിഷയം ചർച്ച ചെയ്യുകയും റവ. സി.എസ്. ജയകുമാറിനെ 31-12-2022 വരെ ടി സഭയിൽ തന്നെ സേവനം അനുഷ്ഠിക്കുന്നതിനും അതുകഴിഞ്ഞ് സിനഡ് പുതിയ ക്രമീകരണം നടത്തുന്നതും ആകുന്നു. ടി വിവരം സർക്കിൾ പ്രസിഡന്റിനെയും റവ. സി.എസ്. ജയകുമാറിനെയും അറിയിക്കുവാനും തീരുമാനിച്ചു.

5. റവ. എ.ഇ. ജസ്റ്റ്സിന് സഭയിൽ ശുശ്രൂഷ, ശമ്പളം തുടങ്ങിയവ നൽകണം.
   (മുൻ തീരുമാനം നോക്കുക)

6. 2022-23 വർഷത്തേക്ക് ചാപ്ലിൻമാരെ നിയമിക്കാൻ വേണ്ടി.
അപേക്ഷ ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൽപ്പാറപ്പൊറ്റ സ്കൂളിന്റെ ചാപ്ലിൻ ആയി റവ. അജു ജോണിനെയും, പൊൻവിള സ്കൂളിന്റെ ചാപ്ലിൻ ആയി റവ. ഷിബു.പി.ദാമോദറിനെയും മാരായമുട്ടം സ്കൂളിന്റെ ചാപ്ലിൻ ആയി റവ. ജിബിൻ സത്യനെയും നിയമിക്കാൻ തീരുമാനിച്ചു.

7. സർക്കിൾ ഓഫീസായി പ്രവർത്തിക്കുന്നതിന് പൊൻവിള ബംഗ്ലാവ് അനുവദിക്കണം എന്നുള്ള അപേക്ഷ സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുകയും അതു പൊൻവിള സഭാക്കമ്മറ്റിയുമായി ആലോചിച്ചും, സിനഡ് ഭാരവാഹികൾ സ്ഥലം സന്ദർശിച്ച് പ്രായോഗികത മനസ്സിലാക്കിയശേഷം തീരുമാനം എടുത്താൽ മതിയെന്നും തീരുമാനിച്ചു.

8. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇതര സംഘടനകളുടെ പ്രവർത്തനം ഐ.ഇ.എൽ.സിയുടെയും സിനഡിന്റെയും അംഗീകാരം ഇല്ലായെങ്കിൽ നിരോധിക്കണം എന്ന ആവശ്യം ചർച്ച ചെയ്യുകയും അതിൽ സംഘടനകളെ നിരോധിക്കാൻ സിനഡിനോ ഐ.ഇ.എൽ.സിയ്ക്കോ അവകാശം ഇല്ല എന്നും എന്നാൽ നമ്മുടെ സഭകളിൽ എന്തെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ സിനഡ്, സർക്കിൾ ഭാരവാഹികളിൽനിന്നും അനുമതി വാങ്ങിയിരിക്കണം എന്നും സിനഡ്, സർക്കിൾ ഭാരവാഹികളുടെ അറിവോടെ മാത്രമേ പ്രവർത്തിക്കാവൂ എന്നും തീരുമാനിച്ചു.

ഒരു സഭയിൽനിന്നും ട്രാൻസ്ഫർ ആയി പോയ പാസ്റ്റർമാർ തുടർന്നും ടി സഭയിൽ ഭവന സന്ദർശനം നടത്തുന്നതും പല യോഗങ്ങളിൽ പങ്കെടുക്കുന്നതും യാതൊരു കാരണവശാലും അംഗീകരിക്കാൻ പാടില്ല എന്നും സ്ഥലസഭയിലെ പുരോഗിതന്റെ അറിവും സമ്മതവും കൂടി മാത്രമേ പഴയ സഭയിൽ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും പാടുളളൂ എന്നും യോഗം തീരുമാനിച്ചു. ട്രാൻസ്ഫർ ആയി പോയശേഷം ഒരു കാരണവശാലും പഴയ സഭയിലെ കാര്യങ്ങളിൽ ഇടപെടാതിരിക്കാൻ എല്ലാ പാസ്റ്റർമാരും ശ്രദ്ധിക്കണം എന്നും യോഗം തീരുമാനിച്ചു.

വളരെ അർത്ഥവത്തായ രീതിയിലും പുരോഗമന ആശയത്തിലും വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തിയ ഈ എക്സിക്യൂട്ടീവ് മീറ്റിംഗ് വൈസ് പ്രസിഡന്റ് ശ്രീ മോഹൻ അച്ചന്റെ പ്രാർത്ഥനയും സിനഡ് പ്രസിഡന്റിന്റെ ആശീർവാദത്തോടുംകൂടി 4.45 ന് അവസാനിച്ചു

അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗ് 17/12/2022, 10 am

**Rev. M. Mohanan**
President
Trivandrum Synod

**A. Pramod Kumar**
Secretary
Trivandrum Synod